കുട്ടികൾക്കെതിരെയുള്ള അതിക്രമം തടയാൻ നടപടി

17 [*148] ശ്രീ. എൻ. രാജൻ:

" മാങ്കോട് രാധാകൃഷ്ണൻ:

" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിനും അവരുടെമേലുള്ള അതിക്രമങ്ങൾ തടയുന്നതിനും നിലവിലുള്ള പദ്ധതികൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ ഏതെല്ലാം; ഈ നിയമങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) കുട്ടികളെ തട്ടിയെടുത്ത് വികൃതമാക്കി ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് കർശനമായി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര കുട്ടികളെ രക്ഷപ്പെടുത്തി സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്ത് അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിന് അനാഥാലയങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2000 പ്രകാരം അനാഥരും അതിക്രമങ്ങൾക്ക് ഇരയായവരുമായ കുട്ടികളെ സംരക്ഷിക്കുന്നതിന് ചിൽഡ്രൻ ഹോമുകൾ നിലവിലുണ്ട്.

(ബി) ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോം (സൂപ്പർവിഷൻ ആന്റ് കൺട്രോൾ) ആക്ട് 1960, ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2000 എന്നിവയാണ് നിലവിലുള്ള നിയമങ്ങൾ. ഈ നിയമങ്ങൾ അനുസരിച്ചുള്ള സംവിധാനങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) ഭിക്ഷാടനത്തിന് ഉപയോഗിക്കുന്ന കുട്ടികളെ പോലീസ് മുഖാന്തിരം മോചിപ്പിച്ച് ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിലൂടെ സംരക്ഷിച്ചു വരുന്നു. കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നവർക്കെതിരെ ക്രിമിനൽ കേസുകൾ ചാർജ്ജ് ചെയ്യുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇത്തരത്തിൽപ്പെട്ട ഇരുപത്തി മൂന്നോളം കുട്ടികളെ രക്ഷപ്പെടുത്തി സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly